(സി) വൈദ്യുതി പ്രതിസന്ധിമൂലം നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടിവരുമ്പോഴും കുത്തനെ നിരക്ക് വർദ്ധന വരുത്തേണ്ട സാഹചര്യം ഉണ്ടാകുമ്പോഴും ഇത്തരം ഊർജ്ജ ഉല്പാദന സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്താത്തത് എന്തുകൊണ്ടാണ്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. 1990 മുതൽ 2008 വരെ 26 വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ച് നടത്തിയ പഠനങ്ങളിൽ 17 സ്ഥലങ്ങൾ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 11 സ്ഥലങ്ങൾ ഇടുക്കി ജില്ലയിലും 5 സ്ഥലങ്ങൾ പാലക്കാടും ഒരെണ്ണം തിരുവനന്തപുരം ജില്ലയിലുമാണ്. മേൽ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം 790 മെഗാവാട്ട് വൈദ്യുതി കാറ്റിൽനിന്നും ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് 700 മെഗാവാട്ട് ശേഷിയുണ്ടെന്ന് കണക്കാക്കപ്പെടുന്നു. സൗരവൈദ്യുത പദ്ധതികളുടെ ശേഷി ഇതിനായി മാറ്റിവയ്ക്കാവുന്ന നിഴൽ വീഴാത്ത ഇടങ്ങളുടെ വ്യാപ്തിയെ ആശ്രയിച്ചിരിക്കുന്നു. അത് എത്രയെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. എന്നാൽ സാങ്കേതിക വിദ്യയിലെ വികാസത്തിലൂടെ മാത്രമേ ഈ പദ്ധതികളിൽനിന്നുള്ള വൈദ്യുതി വ്യാപാര നിലവാരത്തിൽ പൂർണ്ണമായും എത്താനാവൂ. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾവഴി വൈദ്യുതി ഉത്പാദനത്തിനു വേണ്ടിവരുന്ന വർദ്ധിച്ച ചെലവുമൂലം വ്യാപകമായി ഇത്തരം സ്രോതസ്സുകളെ ആശ്രയിക്കുന്നതിന് ഇപ്പോൾ തടസ്സമുണ്ട്.

ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവത്കരണം

10(*189) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ആരോഗ്യ ബോധവൽക്കരണത്തിനായി പ്രമൊട്ടർമാരെ നിയമിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പ്രൊമോട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവത്കരണം നടത്തുന്നതിനായി സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക ആരോഗ്യ ബോധവത്കരണ പരിപാടികൾ പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നുണ്ട്. മഴക്കാലപൂർവ്വ രോഗങ്ങൾ മുന്നിൽക്കണ്ട് ആരോഗ്യ ബോധവത്കരണ പരിപാടികൾ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടത്തിവരുന്നുണ്ട്. ആരോഗ്യ വകുപ്പും കിർത്താഡ്സും സംയുക്തമായി ആരോഗ്യ അവബോധ പരിപാടിയും ആരോഗ്യ ക്യാമ്പും സംഘടിപ്പിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി നടപ്പിലാക്കി വരുന്നുമുണ്ട്. ഇവർ പട്ടികവർഗ്ഗ കോളനികളിൽ ആരോഗ്യബോധവത്കരണം നടത്തിവരുന്നുണ്ട്.

(ബി) ഇല്ല. നിലവിൽ ആരോഗ്യ ബോധവത്കരണ പരിപാടികളിൽ പ്രൊമോട്ടർമാരുടെ സേവനങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) 2014 വർഷം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട എസ്.റ്റി. പ്രൊമോട്ടർമാർക്ക് വിവിധ ജില്ലകളിൽ 23 സ്ഥലങ്ങളിലായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ആരോഗ്യമേഖല ഉൾപ്പെടെ മറ്റു പദ്ധതികൾ നടപ്പിലാക്കുന്ന വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് പ്രചാരത്തിലുള്ള മാധ്യമങ്ങളിൽ പരസ്യം നൽകി ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽനിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവരെ ഓരോ ജില്ലകളിലും പ്രത്യേകമായി ഇന്റർവ്യൂ നടത്തി അതിൽ നിന്നും യോഗ്യതയുടെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാക്രമത്തിലാണ് നിയമിക്കുന്നത്.

സംയോജിത ചെക്ക്പോസ്റ്റ്

11(*190) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത് ;

(ഡി) എല്ലായിടത്തും സംയോജിത ചെക്ക് പോസ്റ്റ് ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : (എ) ഉണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ വാണിജ്യനികുതി, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1-9-2011 മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം ചെക്ക്പോസ്റ്റുകളിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനും വിവിധ വകുപ്പുകളുടെ പരിശോധനാസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സഹായകരമാണ്.

(ബി) വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർസംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ്

LIBRARY ARCHIVES Kerala Legislative Assembly